# സർക്കാർ ആത്മഹത്യ ചെയ്തേനെ!

ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി

ആത്മഹത്യാതോതിൽ കേരളത്തിന് ദേശീയ തലത്തിൽ ഒന്നാം സ്ഥാനമാണ്. ഇന്ത്യയൊട്ടാകെ ലക്ഷം ആളുകളിൽ ശരാശരി 11 പേർ ഒരു വർഷം ആത്മഹത്യ ചെയ്യുമ്പോൾ കേരളത്തിലത് 29 പേർ ആണ്. പലപ്പോഴുമതിന്റെ ഒരു പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് പെട്ടെന്ന് ധനികനാകാനുള്ള മലയാളിയുടെ സ്വപ്നങ്ങളാണ്.

എന്നാൽ ഈ സ്വപ്നങ്ങൾ എല്ലായിടവുമുണ്ട്. സ്വപ്നങ്ങൾ വിരിയാനിരിക്കുന്നിടത്തിന്റെ പ്രത്യേകതകൾ കൊണ്ടുകൂടിയാണ് സ്വപ്നഭംഗങ്ങളും ഉണ്ടാകുന്നത്. രാഷ്ട്രീയക്കാരും സർക്കാരുമാണതിന് ഉത്തരവാദികൾ. തെക്കേ ഇന്ത്യയിൽ ഏറ്റവുമധികം കടമെടുത്തിട്ടുള്ള സംസ്ഥാനം കേരളമാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക കമ്മി ഉത്തരോത്തരം വർദ്ധിച്ചു വരികയുമാണ്. അത്തരമൊരു സാഹചര്യത്തിൽ വികസനം സാദ്ധ്യമല്ല. വികസനം നടക്കാത്തിടത്ത് സ്വപ്നങ്ങൾ പൊലിയുക തന്നെ ചെയ്യും. അത് ആത്മഹത്യയിലേക്ക് നയിക്കുന്നുവെങ്കിൽ അതിനുത്തരവാദി സർക്കാരും കൂടിയാണ്.

ലോകാരോഗ്യ സംഘടന പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് ലോകമൊട്ടാകെ ഒരു ലക്ഷം ആളുകൾക്ക് ശരാശരി 14.5 ആളുകളാണ് വർഷത്തിൽ ആത്മഹത്യ ചെയ്യുന്നത്. ഇന്ത്യയടങ്ങുന്ന ദക്ഷിണ പൗരസ്ത്യ ഏഷ്യയിലത് 19.1 പേരാണ്. ഇന്ത്യയൊട്ടുക്ക് ലക്ഷം പേരിൽ ശരാശരി 11 പേരാണ് ആത്മഹത്യ ചെയ്യുന്നത്. എന്നാൽ എല്ലാ സംസ്ഥാനങ്ങളിലും വെച്ച് ഉയർന്ന തോതായ 29 പേരാണ് കേരളത്തിൽ ഒരു വർഷം ആത്മഹത്യ ചെയ്യുന്നത്. ഇതിന്റെ പത്തിരട്ടിയോളം ആളുകളാണ് ആത്മഹത്യ ചെയ്യാൻ ശ്രമിച്ച് പരാജയപ്പെടുന്നതായി കണക്കാക്കുന്നത്. കേരളത്തെ സംബന്ധിച്ച് കൂടുതൽ ഞെട്ടിപ്പിക്കുന്ന കാര്യം അടുത്തകാലത്തായി കുടുംബത്തോടെ ആത്മഹത്യ ചെയ്യുന്ന പ്രവണത കണ്ടുവരുന്നു എന്നതാണ്. തൊണ്ണൂറുകളുടെ ആദ്യത്തിൽ പാലക്കാട് ജില്ലയിലെ ഒരു ഗ്രാമത്തിൽ നിന്നാണ് അത്തരമൊരു വാർത്ത ആദ്യമായി വന്നത്. 2000 ത്തിലെ ആദ്യത്തെ ഏഴുമാസങ്ങളിൽ തൃശൂർ ജില്ലയിൽ മാത്രം 14 കുടുംബങ്ങൾ ആത്മഹത്യ ചെയ്തു. അതിലുൾപ്പെട്ട 44 പേരിൽ 17 കുട്ടികളായിരുന്നു. കേരളത്തിൽ ആ വർഷം 50 കുടുംബങ്ങൾ ആത്മഹത്യ ചെയ്തു. അവിടുന്നങ്ങോട്ട് അത്തരം കൂട്ടആത്മഹത്യകൾ പതിവു വാർത്തകളായി. അതിശയിപ്പിക്കുന്ന വിവരം, കേരളത്തിൽ റോഡപകടങ്ങളിൽ മരിക്കുന്നവരേക്കാൾ വളരെ കൂടുതലാണ് ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം എന്നതാണ്.




| വർഷം | 1999 | 2000 | 2001 |
|---|---|---|---|
| ആത്മഹത്യ ചെയ്തവർ | 9778 | 9304 | 9572 |
| റോഡപകടത്തിൽ മരിച്ചവർ | 2506 | 2710 | 2674 |

*(അവലംബം : സ്റ്റേറ്റ് ക്രൈം റെക്കോഡ്സ് ബ്യൂറോ)*

ഗവേഷകർ പറയുന്നത് കേരളത്തിൽ സംഭവിക്കുന്ന ആത്മഹത്യയുടെ നാലിലൊന്നു മാത്രമേ റിപ്പോർട്ടു ചെയ്യപ്പെടുന്നുള്ളൂ എന്നതാണ്. ഇത് ഭീകരമായ ഒരവസ്ഥയാണ്.

**കാരണങ്ങൾ**

കടക്കെണി, കൊള്ളപ്പലിശക്കാരുടെ സാന്നിദ്ധ്യം, ഉപഭോഗ സംസ്കാരം, വരവിനേക്കാളധികം ചെലവു ചെയ്യാനുള്ള ത്വര, സമൂഹത്തിൽ മാന്യത നഷ്ടപ്പെടുമെന്ന ഭയം, അണുകുടുംബ സംസ്കാരം, മാറാരോഗങ്ങൾ എന്നിങ്ങനെ നിരവധി കാരണങ്ങൾ കേരളത്തിലെ വർദ്ധിച്ച ആത്മഹത്യാനിരക്കിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. എന്നാൽ ഇവയ്ക്കൊക്കെ പിന്നിൽ ശക്തമായ ഒരു പൊതുകാരണം സാമ്പത്തികമാണെന്ന് കാണാൻ വിഷമമില്ല. പോലീസ് രേഖകളിൽ കാണുന്ന 2002-ലെ കേരളത്തിലെ ആത്മഹത്യയുടെ കാരണങ്ങൾ താഴെ കൊടുക്കുന്നു.

| ആത്മഹത്യയുടെ കാരണം | എണ്ണം |
|---|---|
| കുടുംബപ്രശ്നങ്ങൾ | 2300 |
| സാമ്പത്തിക പ്രശ്നങ്ങൾ | 1135 |
| രോഗം | 1503 |
| മാനസിക പ്രശ്നം | 1013 |
| തൊഴിൽ രാഹിത്യം | 99 |
| പ്രണയ പരാജയം | 85 |
| പരീക്ഷയിൽ തോൽവി | 89 |
| മറ്റുകാരണങ്ങൾ | 1837 |
| ആകെ | 9810 |

Source : SCRB




രോഗമായാലും കുടുംബപ്രശ്നങ്ങളായാലും തൊഴിൽ രാഹിത്യമായാലും, എന്തിന്, പ്രണയപരാജയമായാൽ പോലും അവ മനുഷ്യരെ ആത്മഹത്യയിലേക്കു നയിക്കുന്നതിനു പിന്നിൽ ഒരു പ്രധാന ഹേതുവായി ഭവിക്കുന്നത് സാമ്പത്തികം തന്നെയാണ്. ആത്മഹത്യ ചെയ്യുന്നവരുടെ തൊഴിൽ തിരിച്ചുള്ള വിവരങ്ങൾ കാണുമ്പോഴും ഇത് ഏറെക്കുറെ വ്യക്തമാകുന്നുണ്ട്.

**ആത്മഹത്യ ചെയ്യുന്നവരുടെ തൊഴിൽ**

| | |
|---|---|
| കുടുംബിനികൾ | 1453 |
| കർഷകർ | 1533 |
| കച്ചവടക്കാർ | 647 |
| വിദ്യാർത്ഥികൾ | 282 |
| വിദഗ്ദർ | 313 |
| തൊഴിൽ രഹിതർ | 1939 |
| മറ്റുള്ളവർ | — |
| ആകെ | 9810 |

(എന്തായാലും ഇതിൽ 7165 പേർ ആണുങ്ങളാണെങ്കിൽ 2645 പേർ മാത്രമെ സ്ത്രീകളുള്ളൂ എന്ന വസ്തുത നമ്മുടെ സ്ത്രീകളുടെ ഉയർന്ന മാനസിക സന്തുലിതാവസ്ഥ കാണിക്കുന്നു.)

എന്നാൽ മേൽപറഞ്ഞ കാരണങ്ങൾ വിവിധ തോതുകളിൽ ഏറെക്കുറെ എല്ലായിടവുമുണ്ട്. മാത്രമല്ല അവയ്ക്കു പിന്നിലെ പ്രധാന ഹേതുവായ സാമ്പത്തിക നിലയും എല്ലായിടങ്ങളിലെയും ഒരു പൊതുഘടകമാണ്. അപ്പോൾ പിന്നെ കേരളത്തിൽ എന്തുകൊണ്ട് ആത്മഹത്യ നിരക്കു കൂടുന്നു ?

മലയാളിയുടെ ഉയർന്ന സാക്ഷരതയും വിദ്യാഭ്യാസവും കൂടുതൽ മോഹങ്ങളും അതിനാൽ തന്നെ കൂടുതൽ മോഹഭംഗങ്ങളും സൃഷ്ടിക്കുന്നുവെന്ന് പെട്ടെന്ന് ചൂണ്ടിക്കാണിക്കപ്പെടാറുണ്ട്. എന്നാൽ നമുക്ക് മറിച്ചൊന്ന് ചിന്തിച്ചുകൂടെ ? ഉയർന്ന സാക്ഷരതയും വിദ്യാഭ്യാസവും കൂടുതൽ മോഹങ്ങൾ പൂവണിയാൻ സഹായിക്കുകയല്ലെ വേണ്ടത് ? എന്നിട്ടെന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത് ?

മോഹങ്ങൾ പൂവണിയിക്കാൻ മാത്രം കേരളത്തിന്റെ മണ്ണിന് വളക്കൂറില്ല എന്നതാണ് പ്രധാന കാരണം. മാറി മാറി വന്ന സർക്കാരുകൾ വാങ്ങിക്കൂട്ടിയ സംസ്ഥാനത്തിന്റെ കടം ഇന്ന് തെക്കേ ഇന്ത്യയിൽ വെച്ച് ഏറ്റവും കൂടുതലാണ്. കേരളത്തിലെ ജനങ്ങളുടെ ആളോഹരി കടം പോയസാമ്പത്തിക വർഷം 9425 രൂപയാണ്. കേരളത്തിലെ മൊത്ത ആഭ്യന്തര ഉല്പന്നത്തിന്റെ 35 ശതമാനം വരുന്നുണ്ട് സംസ്ഥാനത്തിന്റെ കടം. 1997-98 മുതൽ കേരളത്തിന്റെ പദ്ധതി ചെലവുകൾ പോലും കടമെടുത്തിട്ടാണ് മുന്നോട്ടു കൊണ്ടുപോകുന്നത്. ശമ്പളം, കൂലി, പെൻഷൻ എന്നിവയിലേക്കുള്ള ചെലവ് സംസ്ഥാനത്തിന്റെ മൊത്തം ചെലവുകളുടെ 39 ശതമാനം വരുന്നു.! വികസനം വരുത്തേണ്ട പദ്ധതി ചെലവുകളെക്കാൾ ഇത് എത്രയോ കൂടുതലാണ്. മുതൽമുടക്കിനായുള്ള സംസ്ഥാനത്തിന്റെ ചെലവ് അതിന്റെ മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ വെറും അര ശതമാനം മാത്രമായാണ് സംസ്ഥാന ബജറ്റ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് എന്നുകൂടി അറിയുമ്പോൾ ചിത്രം പൂർണ്ണമാകുന്നു. സാമ്പത്തിക കമ്മിയുടെ 80 ശതമാനമാണ് സംസ്ഥാനത്തിന്റെ വരുമാന കമ്മി. അതുകൊണ്ടുതന്നെ സർക്കാർ രാക്ഷസീയ ഭാവമാർന്നുകൊണ്ടാണ് നികുതികൾ കൂട്ടുന്നതും പിരിയ്ക്കുന്നതും.

എന്നാൽ സർക്കാരും സ്വപ്നം കാണുന്നുണ്ട്. സാമ്പത്തിക ഉത്തരവാദിത്വ നിയമം പാസാക്കിയ ചുരുക്കം ചില സംസ്ഥാനങ്ങളിലൊന്നാണ് കേരളം. 2003 ൽ നിലവിൽ വന്ന ഈ നിയമം 2007 ആകുമ്പോഴേക്ക് സംസ്ഥാനത്തിന്റെ ധനകമ്മി അതിന്റെ മൊത്ത ആഭ്യന്തര ഉല്പന്നത്തിന്റെ 2 ശതമാനം മാത്രമാക്കി കുറയ്ക്കാനും വരുമാനക്കമ്മി പൂർണ്ണമായും ഇല്ലാതാക്കാനും സ്വപ്നം കാണുന്നു. ഇത്തരം നിയമം നിലവിൽ വന്നിട്ടുള്ള അയൽ സംസ്ഥാനമായ തമിഴ്നാടിന്റെ സ്വപ്നങ്ങൾ പോലും ഇതിലെത്രയോ ലാഘവമാർന്നതാണ്. കൂടുതൽ മോഹിക്കുമ്പോഴാണല്ലോ മോഹഭംഗം വന്നു ഭവിക്കുന്നത്.

മുകളിൽ കാണിച്ച സംസ്ഥാനത്തിന്റെ സാമ്പത്തിക പരിപ്രേക്ഷ്യത്തിൽ സംരംഭകർ വിതയ്ക്കുന്ന മോഹത്തിന്റെ വിത്ത് മുൾച്ചെടികൾക്കിടയിലും പാറക്കൂട്ടങ്ങളിലുമാണ് ചെന്ന് പതിയ്ക്കുന്നത്. അതിരുകവിഞ്ഞ മോഹവും കടവും സർക്കാർതന്നെ ജനങ്ങൾക്ക് പഠിപ്പിച്ചുകൊടുക്കുന്ന പാഠങ്ങളാണ്. ജനങ്ങൾ വിതയ്ക്കുന്ന മോഹത്തിന്റെ വിത്ത് വളരാൻ അനുവദിക്കുന്ന മണ്ണ് പാകപ്പെടുത്താൻ സർക്കാരിന് കഴിയാത്തതാണ് ഇവിടെ മോഹഭംഗങ്ങൾക്ക് കാരണം. സാക്ഷരതയും വിദ്യാഭ്യാസവും ജനങ്ങളെ അതിമോഹികളാക്കി എന്ന് ആരോപിക്കുന്നത് ക്രൂരമാണ്. മറിച്ച്, കഴിവുള്ള സർക്കാരിന് അത് അവരുടെ മോഹങ്ങൾ പുഷ്പിക്കുവാൻ സഹായിക്കുന്ന രാസത്വരകങ്ങളായി രൂപാന്തരപ്പെടുത്താൻ കഴിയുമായിരുന്നു. എന്നാലിവിടെ എങ്ങനെ അതിരുവിട്ട് മോഹിക്കുകയും കടം വാങ്ങുകയും ചെയ്യാമെന്ന് സർക്കാർ തന്നെ ജനങ്ങൾക്ക് കാണിച്ചു കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇവിടെ പ്രതി സർക്കാർ തന്നെയാണ്. കടുത്ത കടക്കെണിയിലായ സംസ്ഥാനത്തിന് ഒരു മനസ്സുണ്ടായിരുന്നെങ്കിൽ അത് എന്നേ ആത്മഹത്യ ചെയ്തേനെ.

---

കേരളീയം

## സാമ്പത്തിക പതിപ്പ്

സംസ്കാരത്തിനും വികസത്തിനുമിടയിൽ കരുത്തുറ്റ കണ്ണിയാണ് സാമ്പത്തിക സ്ഥാപനങ്ങൾ. കുറിക്കമ്പനികൾ തുടങ്ങി സഹകരണ മേഖലതൊട്ട് പഴയതും പുതിയതുമായ തലമുറകളിലെ സ്വകാര്യബാങ്കുകളിലൂടെ കടന്നുവന്ന പൊതുമേഖലാ ബാങ്കുകൾ പിന്നിട്ട് സംസ്ഥാന തലത്തിലും ദേശീയതലത്തിലുമുള്ള സാമ്പത്തിക സ്ഥാപനങ്ങൾ വരെയെത്തുമ്പോൾ കേരളത്തിന്റെ സാമ്പത്തിക വിനിമയത്തിന്റെയും വികാസത്തിന്റെയും ഏകദേശരൂപം വ്യക്തമാകും. ആഗോളവൽക്കരണത്തിന്റെ അലയടികൾ ഈ സ്ഥാപനങ്ങളിൽ ഘടനാപരമായിപ്പോലും മാറ്റങ്ങൾ രൂപപ്പെടുത്തിക്കൊണ്ടിരിക്കയാണ്. കേവലം അനിവാര്യതയെന്ന പോലെ മലയാളി ഈ മാറ്റങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നു.



കേരളത്തിന്റെ സാമ്പത്തിക രംഗത്തെ മാറ്റങ്ങളെ വിശ്ലേഷണം ചെയ്ത് ഇടനിലക്കാരായ സാമ്പത്തിക സ്ഥാപനങ്ങളെ വിലയിരുത്തി നമുക്കെന്തു സംഭവിക്കുന്നു എന്നന്വേഷിക്കാനായി കേരളീയം ഒരു സാമ്പത്തിക പതിപ്പ് രൂപകല്പന ചെയ്യുകയാണ്. സാമ്പത്തിക സ്ഥാപനങ്ങളുടെ സാരഥികളും നിക്ഷേപകരും വായ്പക്കാരും വ്യാപാരികളും വ്യവസായികളും കൃഷിക്കാരും മുതലാളികളും തൊഴിലാളികളുമൊക്കെ ഈ പതിപ്പിലൂടെ സംസാരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. വെളിച്ചമേറ്റ് തഴച്ചുവളരുന്ന വൻമരങ്ങൾക്കൊപ്പം തന്നെ വെളിച്ചമേല്ക്കാതെ വളർച്ചമുരടിച്ചുനില്ക്കുന്ന തളിർച്ചെടികളും ഞങ്ങൾക്കുപ്രധാനമാകയാൽ കേരളീയത്തിന്റെ സാമ്പത്തിക പതിപ്പിലേക്ക് ഉപയോഗപ്രദമാണെന്ന് കരുതുന്ന അഭിപ്രായങ്ങളും ആശയങ്ങളും വിവരങ്ങളും വിശേഷങ്ങളും അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

സൂചകങ്ങളായ ചില വിഷയങ്ങൾ ഞങ്ങൾ നിർദ്ദേശിക്കട്ടെ.

1. ഇന്ത്യയിലെ ബാങ്കിംഗ് മേഖലയിൽ കേരളത്തിന്റെ നില
2. കേരളത്തിന്റെ സ്വകാര്യ ബാങ്കുകൾ എങ്ങോട്ട്
3. സഹകരണ ബാങ്കുകളുടെയും സ്ഥാപനങ്ങളുടെയും ഗതിയെന്ത്
4. കുറിക്കമ്പനികളുടെ നിലനില്പ്
5. വികസന ധനകാര്യസ്ഥാപനങ്ങളും കേരളവും
6. പലിശ നിരക്കുകളിലെ മാറ്റങ്ങൾ കേരളത്തെ എങ്ങനെ ബാധിക്കുന്നു
7. ചെറുകിട വായ്പകൾ കേരളത്തിൽ
8. സമാന്തര ബാങ്കിംഗ് പരീക്ഷണങ്ങൾ
9. ബാങ്കിംഗ് ഇതര ധനകാര്യസ്ഥാപനങ്ങൾ കേരളത്തിൽ
10. കേരളത്തിലെ വായ്പാനിക്ഷേപ തോത്

ഗസ്റ്റ് എഡിറ്റർ : ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി
അയക്കേണ്ട മേൽവിലാസം : ഗസ്റ്റ് എഡിറ്റർ, സാമ്പത്തിക പതിപ്പ്, C/o. കേരളീയം, കൊക്കാലെ, തൃശൂർ-21. ഫോൺ : 9447126032, 0487-2421385, ഫാക്സ് : 0487 2332032,
e-mail : sebastinecc@sancharnet.in